പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1441 | 11.08.2017-ൽ മറുപടിയ്ക്ക് |
|---|---|

**ഫ്ലഡ് വർക്കിനുണ്ടായ കാലതാമസം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മോൻസ് ജോസഫ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | 2016-17 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം നഗരസഭയുടെ ഇടവക്കോട് വാർഡിൽ ശ്രീകാര്യം ജംഗ്ഷൻ-പാട്ടത്തിൽലൈൻ കരുമ്പുക്കോണം റോഡിന് ഫ്ലഡ് വർക്കിനു അനുവദിച്ച തുക നഗരസഭ 2017 ജനുവരിയിൽ നോമിനി വർക്കായി ചെയ്യുവാൻ തീരുമാനിച്ചെങ്കിലും ഇതുവരെ നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; | (എ) | ഇടവക്കോട് വാർഡിലെ ശ്രീകാര്യം ജംഗ്ഷൻ മുതൽ പാട്ടത്തിൽ ലൈൻ കരിമ്പുകോണം വരെയുള്ള റോഡ് വർക്ക് നോമിനി വർക്കായി നടപ്പിലാക്കാൻ സാധിക്കാത്തതു കാരണം ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതായി വന്നതാണ് വർക്ക് ഇതുവരെ നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം. |
| (ബി) | ഈ വർക്കിന് ടെക്നിക്കൽ സാംഗ്ഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; ടെക്നിക്കൽ സാംഗ്ഷന് എത്ര സമയമെടുത്തു; ആരുടെ വീഴ്ച മൂലമാണ് ടെക്നിക്കൽ സാംഗ്ഷൻ വൈകാൻ കാരണം എന്നറിയിക്കാമോ; | (ബി) | ടി വർക്കിന് തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ നിർദ്ദേശാനുസരണം ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ കൂടിയ സാങ്കേതികാനുമതിക്കായുള്ള പ്രത്യേക വർക്ക് ഷോപ്പിൽ വച്ച് സാങ്കേതികാനുമതി നൽകയെങ്കിലും പ്രൈസ് സോഫ്റ്റ് വെയർ മുഖാന്തിരം അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ മുഖേന സാങ്കേതികാനുമതി ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിന് കാലതാമസം നേരിട്ടു. |
| (സി) | ഈ കാലയളവിൽ നഗരസഭ പൂർത്തീകരിച്ച ഫ്ളഡ് വർക്കുകൾ ഏതെല്ലാം; അവക്ക് ഇല്ലാത്ത കാലതാമസം മുകളിൽ പറഞ്ഞിരിക്കുന്ന വർക്കിന് ഉണ്ടാകാൻ കാരണം എന്തെന്ന് അറിയിക്കാമോ; ആ വർക്കുകൾ നോമിനിവർക്കായാണോ ടെണ്ടർ ആയിട്ടാണോ നടപ്പിലാക്കിയത്; | (സി) | തിരുവനന്തപുരം നഗരസഭാ പരിധിയിൽ 2016-17 കാലയളവിൽ ഒരു ഫ്ലഡ് വർക്ക് നടന്നിട്ടുണ്ട്. (മണ്ണന്തല, ആനന്ദവല്ലീശ്വരം ഹൈസ്കൂൾ റോഡ് കോൺക്രീറ്റ്). ടി പ്രവൃത്തി ഗുണഭോക്തൃ വർക്ക് ആയിട്ടാണ് ചെയ്തിട്ടുള്ളത്. പാട്ടത്തിൽ ലൈൻ കരിമ്പുകോണം റോഡിന്റെ പ്രവൃത്തിക്കായി 18.03.2017 ൽ ഗുണഭോക്തൃ കൺവീനറെ തെരഞ്ഞെടുത്തെങ്കിലും 50,000/- രൂപ മുതൽ 5,00,000/- രൂപയ്ക്ക് താഴെയുള്ള പ്രവൃത്തികൾ ടെണ്ടർ മുഖേനയോ ഇ-ടെണ്ടർ മുഖേനയോ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കാവൂ എന്ന നിർദ്ദേശം വന്നതിനാൽ ടി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികളിലേക്ക് കടക്കേണ്ടതായി വന്നു. നേരത്തേ പൂർത്തിയായ വർക്കുകൾ ഇതിനു മുമ്പ് എഗ്രിമെന്റ് വച്ചതിനാൽ ആ വർക്കുകൾ പൂർത്തിയാക്കാനും കഴിഞ്ഞു. |
| (ഡി) | ഈ ഫ്ലഡ് വർക്ക് ടെണ്ടർ ചെയ്തിട്ടുണ്ടോ; നഗരസഭാ കൗൺസിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വർക്ക് നടപ്പിലാക്കാൻ എന്താണ് തടസ്സം; വർക്ക് നടപ്പിലാക്കിയതിന്റെ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ; കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ; | (ഡി) | പ്രസ്തുത വർക്ക് ടെണ്ടർ ചെയ്തിട്ടില്ല. ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ വർക്ക് നടപ്പിലാക്കാൻ തടസ്സങ്ങൾ ഒന്നുംതന്നെ ഇല്ല. വർക്ക് നടപ്പിലാക്കിയിട്ടില്ല. 18.03.2017 ൽ ഗുണഭോക്തൃ കൺവീനറെ തെരഞ്ഞെടുത്തെങ്കിലും 50,000/- രൂപ മുതൽ 5,00,000/- രൂപയ്ക്ക് താഴെയുള്ള പ്രവൃത്തികൾ ടെണ്ടർ മുഖേനയോ ഇ-ടെണ്ടർ മുഖേനയോ നടപ്പിലാക്കാവൂ എന്ന നിർദ്ദേശം വന്നതിനാൽ ടി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികളിലേക്ക് കടക്കേണ്ടതായി വന്നു. സാങ്കേതികമായി പ്രൈസ് സോഫ്റ്റ് വെയർ ആക്കിയതിനാലും ഇംപ്ലിമെന്റിഗ് ഓഫീസർ പദവി കോർപ്പറേഷൻ എഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറിലേക്ക് കൈമാറിയതിനാലും സോഫ്റ്റ്വെയർ വഴി മാറ്റാൻ കാലതാമസം വന്നു. |
| (ഇ) | ഇക്കാര്യം സംബന്ധിച്ച് സർക്കാരിന് നൽകിയിരുന്ന 1618835/ഡി.സി/ എൽ.എസ്.ജി.ഡി/ 2017 തീയതി.7/7/2017 എന്ന പരാതിയിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (ഇ) | 1618835 നമ്പർ Receipt, 1261/ഡിസി3/2017/ തസ്വഭവ നമ്പർ ഫയലിൽ നടപടി സ്വീകരിക്കുകയും, 29.07.2017 ലെ കത്ത് മുഖേന നഗരകാര്യ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ